**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3360. 24.02.2016 ൽ മറുപടിയ്ക്ക്.**

**കർണ്ണാടകത്തിലേക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ**

| ചോദ്യം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർണ്ണാടകത്തിലേക്ക് എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്; അതിൽ എത്രയെണ്ണം സർവ്വീസ് നടത്തുന്നു എന്ന് വ്യക്തമാക്കാമോ ; | (എ) | കർണ്ണാടക സംസ്ഥാനവുമായി 2009 ൽ ഒപ്പുവച്ച അന്തർസംസ്ഥാന കരാറിൽ ഉൾപ്പെട്ട റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. പെർമിറ്റ് കരസ്ഥമാക്കുവാൻ ബാക്കി ഉണ്ടായിരുന്ന 17 റൂട്ടുകളിലെ പെർമിറ്റുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരസ്ഥമാക്കിയിട്ടുണ്ട്. ഇവയിൽ ചിലത് ചില ദിവസങ്ങളിൽ ബസ്സിന്റെ കുറവ് മൂലം ഓപ്പറേറ്റ് ചെയ്യാറില്ല. എന്നാൽ ഒരു ഷെഡ്യൂളും സ്ഥിരമായി നിർത്തലാക്കിയിട്ടില്ല. |
| (ബി) | പുതുതായി അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) | തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഗോവ എന്നീ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിലേക്കും, കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയിലേക്കും അന്തർസംസ്ഥാന സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.